**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 372** **19-03-2025 - ൽ മറുപടിയ്ക്ക്**

**മലയാളം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് 'മലയാളം മിഷൻ' നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി 13/06/2022-ൽ ചീഫ് സെക്രട്ടറിയുടെയും 14/05/2024- ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെയും അധ്യക്ഷതയിൽ യോഗങ്ങൾ നടത്തിയിരുന്നു. പ്രസ്തുത യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ അംഗീകരിച്ച മലയാളം സ്റ്റൈൽ ബുക്ക് ആസ്പദമാക്കി മലയാളം ലിപിയുടെ യൂണിഫോം പ്രിന്റിംഗ് ഉറപ്പുവരുത്തിയിട്ടുണ്ട്. മലയാളം മിഷൻ അധ്യാപകർക്ക് IGNOU യുടെ 'MIL Malayalam Course' പരിചയപ്പെടുത്തിക്കൊടുക്കുകയും കോഴ്സിൽ ചേർന്ന് ഭാഷാപ്രാവീണ്യം നേടാൻ അവരെ സഹായിക്കുകയും ചെയ്തു. ഇംഗ്ലീഷ് ഭാഷ മാത്രമറിയാവുന്ന പ്രവാസി മലയാളി കുട്ടികൾക്കായി ഇംഗ്ലീഷിലൂടെ മലയാളം പഠിപ്പിക്കുക എന്ന ആശയം പ്രായോഗികമാക്കുവാനുള്ള 'Malayalam Academy of North America' മുന്നോട്ട് വച്ച പദ്ധതി സംബന്ധിച്ച് പരിശോധിക്കുന്നതിനായി ചർച്ചകൾ നടന്നു വരുന്നു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സിലബസിൽ മലയാളം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അംഗീകാരം നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുവാൻ യു.എസ് ചാപ്റ്ററുകളോട് ആവശ്യപ്പെട്ടിരിക്കുന്നു. സുഗതാഞ്ജലി കാവ്യാലാപന മത്സരം പോലുള്ളവ വർഷം തോറും മലയാളം മിഷൻ സംഘടിപ്പിച്ചു വരുന്നുണ്ട്. കാവ്യകേളി, അക്ഷരശ്ലോകം, ഭാഷാകേളികൾ തുടങ്ങിയവ അദ്ധ്യാപകരെ പരിചയപ്പെടുത്തുവാനായി പരിശീലനങ്ങൾ നൽകി. അക്ഷരമാല പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിലേതുപോലെ പാഠപുസ്തകങ്ങൾക്ക് മിതമായ |

| | | | |
|---|---|---|---|
| | | | നിരക്ക് നിശ്ചയിച്ച് തുക ഈടാക്കുന്നതിന് 13.02.2025 ന് ചേർന്ന നിർവാഹക സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. മലയാളം മിഷന് നോൺ പ്ലാൻ ഫണ്ട് വിഹിതം കുറവായതിനാൽ മലയാളം മിഷൻ അച്ചടിച്ചുവെച്ചിരിക്കുന്ന പുസ്തകങ്ങൾ വിൽപ്പന നടത്തി തനത് ഫണ്ടിലേക്ക് തുക സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയാളം മിഷൻ 100 ചാപ്റ്ററുകൾ പൂർത്തിയായത് സംബന്ധിച്ച പ്രഖ്യാപനം സാംസ്കാരിക വകുപ്പ് മന്ത്രി ഓൺലൈനായി നിർവഹിച്ചിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ ദ്വീപിൽ മലയാളം മിഷൻ ചാപ്റ്റർ പ്രവർത്തിച്ച വരുന്നുണ്ട്. ലക്ഷദ്വീപിലെയും മറ്റിടങ്ങളിലേയും കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം പഠനത്തിനായി കേവി മലയാളം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹരിയാനയിലും മേഘാലയയിലും മലയാളം മിഷൻ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കാശ്മീർ, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിൽ മലയാളം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. |
| (ബി) | മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം വിദേശരാജ്യങ്ങളിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | മലയാളം മിഷൻ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന വിദേശ രാജ്യങ്ങളിലേക്ക്/ പ്രവിശ്യകളിലേയ്ക്ക് വിപുലീകരിച്ചിട്ടുണ്ട്.<br><br>1. അബുദാബി<br>2. അജ്മാൻ<br>3. അരിസോണ<br>4. അറ്റ് ലാന്റ<br>5. ആസ്ത്രേലിയ<br>6. ഓസ്ട്രിയ<br>7. ബഹ്റൈൻ<br>8. ബംഗ്ലാദേശ്<br>9. ബെൽജിയം<br>10. ബെനിൻ<br>11. ബോട്സ്വാന<br>12. ബ്രൂണെ<br>13. കാലിഫോർണിയ<br>14. കാനഡ<br>15. ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ<br>16. ഡെൻമാർക്ക്<br>17. ദുബായ്<br>18. ഈജിപ്റ്റ്<br>19. ഫിൻലാൻഡ്<br>20. ഫ്രാൻസ് |

| | | | |
|---|---|---|---|
| | | | 21. ഫ്യൈജെറ<br>22. ജർമ്മനി<br>23. ഘാന<br>24. ഗിനിയ<br>25. ഹെയ്തി<br>26. ഹോങ്കോംഗ്<br>27. ഇന്തോനേഷ്യ<br>28. അയർലൻഡ്<br>29. ഇറ്റലി<br>30. ഐവറി കോസ്റ്റ്<br>31. ജപ്പാൻ<br>32. കെനിയ<br>33. കുവൈറ്റ്<br>34. മലാവി<br>35. മലേഷ്യ<br>36. മൗറീഷ്യസ്<br>37. നമീബിയ<br>38. നെതർലാൻഡ്സ്<br>39. ന്യൂസിലാൻഡ്<br>40. നൈജീരിയ<br>41. നോർവേ<br>42. ഒമാൻ<br>43. പെൻസിൽവാനിയ<br>44. ഖത്തർ<br>45. റുവാണ്ട<br>46. സൗദി അറേബ്യ<br>47. ഷാർജ<br>48. സിംഗപ്പൂർ<br>49. സ്വീഡൻ<br>50. സ്വിറ്റ്സർലൻഡ്<br>51. തായ്‌വാൻ<br>52. ടാൻസാനിയ<br>53. ടെക്സസ്<br>54. ടോഗോ<br>55. ഉഗാണ്ട<br>56. ഉമ്മുൽ ഖുവൈൻ<br>57. യുണൈറ്റഡ് കിംഗ്ഡം<br>58. യുണൈറ്റഡ് സ്റ്റേറ്റ്സ്<br>59. വിയറ്റ്നാം<br>60. വിർജീനിയ |
| (സി) | മിഷൻ ദേശീയതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചു വരുന്നുണ്ട്. ഭാവിയിലും കാലോചിതമായ പരിഷ്കരണ നടപടികൾ  സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | അതിഥി തൊഴിലാളികളെയും, അവരുടെ കുടുംബാംഗങ്ങളെയും മലയാളം പഠിപ്പിക്കുന്നതിന് 'അതിഥി മലയാളം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (ഡി) | **ഉണ്ട്** |

സെക്ഷൻ ഓഫീസർ